പ്രകാശവചനം ● **അബൂദർറ് എടയൂർ**

# കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ

**عَنْ أَبِي مُوسَى، عَنِ النَّبِيِّ ﷺ قَالَ: "إِنَّمَا مَثَلُ الْجَلِيسِ الصَّالِحِ، وَالْجَلِيسِ السَّوْءِ، كَحَامِلِ الْمِسْكِ، وَنَافِخِ الْكِيرِ، فَحَامِلُ الْمِسْكِ: إِمَّا أَنْ يُحْذِيَكَ، وَإِمَّا أَنْ تَبْتَاعَ مِنْهُ، وَإِمَّا أَنْ تَجِدَ مِنْهُ رِيحًا طَيِّبَةً، وَنَافِخُ الْكِيرِ: إِمَّا أَنْ يُحْرِقَ ثِيَابَكَ، وَإِمَّا أَنْ تَجِدَ رِيحًا خَبِيثَةً"**

**അബൂമൂസൽ അശ്അരി(റ)യിൽ നിന്ന്. നബി(സ) പറഞ്ഞു: നല്ല ചങ്ങാതിയുടെയും ചീത്ത ചങ്ങാതിയുടെയും ഉപമ കസ്തൂരിവാഹകനെയും ഉലയിൽ ഊതുന്നവനെയും പോലെയാണ്. കസ്തൂരി വാഹകൻ അതിൽ നിന്ന് വല്ലതും നിനക്ക് നൽകിയേക്കാം. അല്ലെങ്കിൽ നിനക്കത് വില കൊടുത്ത് വാങ്ങാം. അതുമല്ലെങ്കിൽ ചുരുങ്ങിയത് അതിന്റെ സുഗന്ധമെങ്കിലും നിനക്ക് ലഭിക്കും. എന്നാൽ ഉലയിൽ ഊതുന്നവനാകട്ടെ, ഒന്നുകിൽ നിന്റെ വസ്ത്രം കരിച്ചുകളയും, അല്ലെങ്കിൽ നിനക്ക് ദുർഗന്ധം അനുഭവിക്കേണ്ടി വരും. (മുസ്‌ലിം)**

ഒരാളുടെ വ്യക്തിത്വത്തെ സ്വാധീനിക്കുന്ന സുപ്രധാന ഘടകങ്ങളിലൊന്നാണല്ലോ ചങ്ങാത്തം. അതിനാൽ ഒരു മുസ്‌ലിം ആരെയാണ് ചങ്ങാതിയായി സ്വീകരിക്കേണ്ടത് എന്നത് സുപ്രധാന ചോദ്യമാണ്.

കാണുന്നവരെ മുഴുവൻ ചങ്ങാതിയാക്കാൻ വിശ്വാസിക്ക് പറ്റില്ല. കാരണം ഗുണങ്ങൾ പോലെ ദോഷങ്ങളും ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് സംക്രമിക്കും. നബി(സ) പറഞ്ഞു: മനുഷ്യൻ അവന്റെ ചങ്ങാതിയുടെ മതത്തിലായിരിക്കും. അതിനാൽ ആരുമായിട്ടാണ് തനിക്ക് ചങ്ങാത്തമുള്ളതെന്ന് ഓരോരുത്തരും വിചിന്തനം നടത്തട്ടെ (അബൂദാവൂദ്).

ഒരാൾ തന്റെ ചങ്ങാതിയുടെ സ്വഭാവത്തിലും സംസ്കാരത്തിലും അറിഞ്ഞോ അറിയാതെയോ വിലയം പ്രാപിക്കുക സ്വാഭാവികമാണല്ലോ. അങ്ങനെ ഒരാളുടെ ചങ്ങാതി ഏത് ഗണത്തിലാണോ ആ ഗണത്തിലാണ് അവനും പരിഗണിക്കപ്പെടുക. ഇഹലോകത്തും പരലോകത്തും. നബി(സ) പറഞ്ഞു: മനുഷ്യൻ അവൻ സ്നേഹിച്ചവരോടൊപ്പമാണ് (ബുഖാരി, മുസ്‌ലിം).

മഹിത മൂല്യങ്ങളുള്ളവനുമായി ചങ്ങാത്തം കൂടിയാൽ നമ്മുടെ ജീവിതം സുഗന്ധപൂരിതമാവും. അതേസമയം ദുസ്സ്വഭാവിയുമായിട്ടാണ് കൂട്ടുകെട്ടെങ്കിൽ അത് നമ്മുടെ ജീവിതം തകർക്കുകയും ചെയ്യും. കൂട്ടുകാരെ തെരഞ്ഞെടുക്കുമ്പോൾ പുലർത്തേണ്ട സൂക്ഷ്മതയെ കുറിച്ച് ഇമാം ജഅ്ഫർ സ്വാദിഖ് പറയുന്നു: “കളവുപറയുന്നവൻ, വിഡ്ഢി, പിശുക്കൻ, ഭീരു, ദുർനടപ്പുകാരൻ എന്നിവരുമായി നീ കൂട്ടുകൂടരുത്. കളവ് പറയുന്നവൻ നിന്നെ വഞ്ചനയിൽ അകപ്പെടുത്തും. വിഡ്ഢിയിൽ നിന്ന് ഒരു ഉപകാരവും നിനക്ക് ലഭിക്കുകയില്ല. ഉപകാരം ചെയ്യണമെന്ന് അവൻ ആഗ്രഹിച്ചാൽ തന്നെ ഉപദ്രവമായിട്ടായിരിക്കും അത് കലാശിക്കുക. പിശുക്കൻ, നിനക്കവനെ ആവശ്യമുള്ള ഘട്ടത്തിൽ നീയുമായുള്ള ബന്ധം വിഛേദിക്കും. ഭീരു പ്രതിസന്ധികളിൽ നിന്നെ കൈവെടിയും. ദുർവൃത്തൻ ഒരു നേരത്തെ ഊണിനോ അല്ലെങ്കിൽ അതിലും നിസ്സാരമായ വിലക്കോ നിന്നെ വിറ്റുകളയാൻ മടിക്കില്ല.”

ചങ്ങാതിമാരെ തെരഞ്ഞെടുക്കുമ്പോൾ അഞ്ച് കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് പണ്ഡിതന്മാർ ഉണർത്തുന്നു: ബുദ്ധി, സൽസ്വഭാവം, ധർമനിഷ്ഠ, ബിദ്അത്തുകാരനല്ലാതിരിക്കൽ, ഭൗതിക നേട്ടങ്ങളിൽ അത്യാർത്തിയുള്ളവനാവാതിരിക്കൽ എന്നിവയാണവ. (ഇഹ്‌യാ ഉലൂമിദ്ദീൻ)

“ദൈവസ്മരണയിൽ നിന്ന് നമ്മെ തെറ്റിക്കുന്ന ചങ്ങാത്തങ്ങൾ പരലോകത്ത് ഖേദിക്കാൻ ഇടവരുത്തും. ഞാൻ ഇന്നയാളെ കൂട്ടുകാരനാക്കിയില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നു” (*അൽഫുർഖാൻ* 28) എന്ന് അപ്പോൾ വിലപിച്ചിട്ട് കാര്യമുണ്ടാകില്ല. ■